പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.263

21.6.2012ൽ
മറുപടിക്ക്

# അനധികൃത മണൽക്കടത്ത്

ചോദ്യം
ശ്രീ.എം.പി.വിൻസെന്റ്:
ശ്രീ.വർക്കല കഹാർ :
ശ്രീ.റ്റി.എൻ.പ്രതാപൻ :
ശ്രീ.എം.എ.വാഹീദ് :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനധികൃത മണൽക്കടത്ത് തടയാൻ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റവന്യൂ - പോലീസ് - ജിയോളജി വകുപ്പുകളുടെ സംയുക്ത സ്ക്വാഡും, റവന്യൂ ഡിവിഷണൽ ആഫീസറുടെ നേതൃത്വത്തിലും, താലൂക്ക് തലത്തിൽ തഹസീൽദാരുടെ നേതൃത്വത്തിലും സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. അനധികൃത മണൽ ഖനനം നടത്തുന്നതിനെതിരെ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമ പ്രകാരം നടപടി സ്വീകരിക്കുകയും മണൽ കടത്താൻ ഉപയോഗിച്ച വാഹനങ്ങൾ, വള്ളങ്ങൾ മറ്റു ഖനന സാമഗ്രികൾ എന്നിവ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നു. |
| (ബി) | ഇതിനായി രൂപീകരിച്ച പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | സ്ക്വാഡിന്റെ പ്രവർത്തനം എപ്രകാരമെന്ന് വിശദീകരിക്കുമോ; | (സി) | അനധികൃത മണൽ കടത്തിനെക്കുറിച്ചുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലും അല്ലാതെയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള |

| | | | |
|---|---|---|---|
| | | | സ്ക്വാഡ് പരിശോധന നടത്തി വരുന്നതും അനധികൃതമായി സൂക്ഷിച്ചിരിക്കുന്നതായി കാണുന്ന മണൽ കണ്ടുകെട്ടി നിയമ പ്രകാരം ലേലം ചെയ്ത് വിൽക്കുകയോ, നിർമ്മിതി കേന്ദ്രം മുതലായവയെ ഏൽപ്പിക്കുകയോ, മണൽ പുഴയിലേയ്ക്ക് തന്നെ തിരികെ നിക്ഷേപിക്കുകയോ ചെയ്ത് വരുന്നു. അനധികൃത മണൽ കടത്തിൽ ഏർപ്പെട്ടതിന് പിടിച്ചെടുക്കുന്ന വാഹനങ്ങൾക്കെതിരെ നിയമ പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പുഴ മണലിനായി നൽകി വരുന്ന പാസ്സുകൾ പ്രകാരം മണൽ എടുക്കുന്നത് അതേ ആവശ്യത്തിനായി ഉപയോഗിക്കു-ന്നുവോ എന്നതും പരിശോധിച്ചു വരുന്നു. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ സ്ക്വാഡുകൾ - പ്രവർത്തിക്കുന്നതെന്ന് - വിശദീകരിക്കുമോ ; | (ഡി) | റവന്യൂ, പോലീസ്, ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ സംയുക്തമായാണ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നത്. |

Rajeev

**സെക്ഷൻ ഓഫീസർ**